## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2159 | 13.06.2019 ൽ മറുപടിയ്ക്ക് |
|---|---|
| **ആശ്രിത നിയമനം** | |
| ചോദ്യം | മറുപടി |
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) അംഗൻവാടി വർക്കർ സേവനകാലത്ത് മരണപ്പെട്ടാൽ ആശ്രിത നിയമനത്തിന് മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ? | എ) ഉണ്ട്. 19/06/1996 ലെ സ.ഉ (സാധാ) നം. 119/1996/സാക്ഷേവ പ്രകാരം അംഗൻവാടി ജീവനക്കാർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 24/10/2005 തീയതിയിലെ സ.ഉ(സാധാ) നം.546/2005/സാക്ഷേവ അനുസരിച്ചും 11/06/2008 തീയതിയിലെ സ.ഉ(കൈ)നം.36/2008/സാക്ഷേവ അനുസരിച്ചും ഭേദഗതി ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യക്ഷേമ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - സംയോജിത ശിശുവികസന പദ്ധതിയിൻ കീഴിലെ അംഗൻവാടി ജീവനക്കാർക്ക് ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**സാമൂഹ്യക്ഷേമ (ബി) വകുപ്പ്**

സർ, ഉത്തരവ് (സാധാ.) നമ്പർ 119/96/സാ. ക്ഷേ. തിരുവനന്തപുരം, 1996 ജൂൺ 19.

---

പരാമർശം :- സാമൂഹ്യക്ഷേമ ഡയറക്ടറുടെ 7.11.1995-ലെ ഐ.സി.ഡി.എസ്.എ6 16994/94 നമ്പർ കത്ത്.

**ഉത്തരവ്**

സാമൂഹ്യക്ഷേമ വകുപ്പ് നടപ്പാക്കിവരുന്ന സംയോജിത ശിശുവികസന പദ്ധതിയിൻകീഴിലെ അംഗൻവാടികളിൽ പ്രവർത്തിച്ചു വരുന്ന അംഗൻവാടി ജീവനക്കാർ സേവനത്തിലിരിക്കെ മരണപ്പെട്ടാൽ അവരുടെ ആശ്രിതർക്ക് തൊഴിൽ നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കണമെന്നത് വളരെ നാളുകളായി അംഗൻവാടി ജീവനക്കാരുടെ സംഘടനകൾ ഉന്നയിച്ചു വരുന്ന ഒരു ആവശ്യമാണ്. പരാമർശിത കത്തുപ്രകാരം സാമൂഹ്യക്ഷേമ ഡയറക്ടർ, അംഗൻവാടി ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്ന ഒരു പദ്ധതി തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചു.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ച് സമാശ്വാസ തൊഴിൽദാന പദ്ധതി അംഗൻവാടി ജീവനക്കാർക്ക് ബാധകമാക്കിക്കൊണ്ട് സർക്കാർ ഉത്തരവാകുന്നു.

ഈ പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

ഗവർണറുടെ ആജ്ഞാനുസരണം

കെ.കെ. രമണി
അഡീഷണൽ സെക്രട്ടറി

സാമൂഹ്യക്ഷേമ ഡയറക്ടർ,
ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ/സി.ഡി.പി.ഒ. മാർ
ജില്ലാ കളക്ടർമാർ
എസ്.എഫ്./ഒ.സി.

## അനുബന്ധം

<u>അർഹത :</u> (എ) സംസ്ഥാന സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ശിശു വികസന പ്രോജക്ടുക ളിലെ അംഗൻവാടി കേന്ദ്രങ്ങളിൽ സ്ഥിരം അംഗൻവാടി ജീവനക്കാരായിരിക്കെ (അംഗൻവാടി വർക്കർ/ അംഗൻവാടി ഹെൽപ്പർ) മരണമടഞ്ഞവരുടെ ആശ്രിതർക്ക് ഈ പദ്ധതി അനുസരിച്ച് അംഗൻവാടി വർക്കറായോ, ഹെൽപ്പറായോ ജോലി കിട്ടാൻ അർഹതയുണ്ടായിരിക്കും.

(ബി) ഈ പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് വരുമാന പരിധി ബാധകമല്ല.

2. <u>ആശ്രിതർ :</u>

അംഗൻവാടി വർക്കർ/ഹെൽപ്പർ ആയിരിക്കെ മരണമടഞ്ഞവരുടെ നിയമാനുസൃത പിൻതുടർച്ചാ വകാശിയായി സാക്ഷ്യപ്പെടുത്തിയ പെൺമക്കൾക്കോ അവരുടെ അഭാവത്തിൽ സഹോദരിക്കോ മാത്രമേ ആശ്രിതർക്കുള്ള ജോലി ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളു. ഒന്നിലധികം പെൺമക്കൾ/ സഹോദരിമാർ ഉള്ളവരുടെ കാര്യത്തിൽ നിയമനത്തിനു നിശ്ചയിച്ചിട്ടുള്ള പരമാവധി പ്രായത്തിനു വിധേ യമായി പ്രായക്കൂടുതൽ ഉള്ളയാൾക്ക് മുൻഗണന നൽകുന്നതായിരിക്കും. എന്നാൽ പ്രായം കൂടിയ മക ളുടെ/സഹോദരിയുടെ സമ്മതപ്രകാരം പ്രായം കുറഞ്ഞവർക്കും നിയമനം നൽകാം.

3. <u>കുറഞ്ഞ സേവന പരിധി:</u>

അംഗൻവാടി വർക്കർ, ഹെൽപ്പർ തസ്തികയിൽ ഏതെങ്കിലും ഒന്നിൽ കുറഞ്ഞത് ഒരു ദിവസ മെങ്കിലും സ്ഥിരം ഒഴിവിൽ ജോലി ചെയ്തിട്ടുള്ള അംഗൻവാടി ജീവനക്കാരുടെ ആശ്രിതർക്ക് ഈ പദ്ധതി പ്രകാരം ജോലി ലഭിക്കാൻ അർഹതയുണ്ടായിരിക്കും.

4. <u>ഉദ്യോഗം നൽകുന്ന രീതി :</u>

സ്ഥിര അംഗൻവാടി വർക്കറോ ഹെൽപ്പറോ ആയിരിക്കെ മരണമടഞ്ഞാൽ ഒഴിവിൽ മരണമട ഞ്ഞയാളുടെ മകളെ/സഹോദരിയെ എസ്.എസ്.എൽ.സി. പാസ്സായതാണെങ്കിൽ വർക്കറായും, എസ്.എ സ്.എൽ.സി. തോറ്റതാണെങ്കിൽ ഹെൽപ്പറായും നിയമിക്കാവുന്നതാണ്. പ്രസ്തുത ഒഴിവ് ആറ് മാസംവരെ സ്ഥിര നിയമനംവഴി നികത്താൻ പാടില്ലാത്തതാണ്. നിയമാനുസൃത അവകാശിയിൽനിന്നും 6 മാസത്തി നുള്ളിൽ അപേക്ഷ ലഭിക്കുന്നില്ലായെങ്കിൽ ടി ഒഴിവിലേക്ക് സ്ഥിര നിയമനം നടത്താവുന്നതും നിയമാ നുസൃത അവകാശിയിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ടി പ്രോജക്റ്റിൻ കീഴിൽ ആദ്യം ഉണ്ടാ കുന്ന ഒഴിവിൽ നിയമിക്കാവുന്നതുമാണ്.

5. <u>പ്രായപരിധി :</u>

അംഗൻവാടി പ്രോജക്റ്റിൽ അംഗൻവാടി വർക്കർ, ഹെൽപ്പർ എന്നീ തസ്തികകളിൽ നിയമന ത്തിന് അതത് സമയങ്ങളിൽ നിലവിലിരിക്കുന്ന പ്രായപരിധി ഈ പദ്ധതിപ്രകാരം ജോലി നൽകുന്ന തിനും ബാധകമായിരിക്കും.

6. <u>അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി:</u>

അംഗൻവാടി പ്രവർത്തകരുടെ ആശ്രിതർക്കുള്ള ജോലി ലഭിക്കുവാൻ ജീവനക്കാരി മരണമടഞ്ഞ് 6 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്. നിയമാനുസൃത പിൻതുടർച്ചാവകാശി പ്രായ പൂർത്തി ആകാത്തവർക്കും പ്രായപൂർത്തിയായി 6 മാസത്തിനകം അപേക്ഷ സമർപ്പിച്ചാൽ മതിയാകും.

7. <u>അപേക്ഷ സമർപ്പിക്കേണ്ട രീതി:</u>

(എ) <u>അനക്സർ 1.</u> - അംഗൻവാടി ജീവനക്കാരുടെ ആശ്രിതർക്കുള്ള ജോലി ലഭിക്കുന്നതിന് അപേക്ഷകൾ അനക്സർ ഒന്നിലുള്ള ഫോറത്തിൽ മാത്രമേ സമർപ്പിക്കാവൂ. ഫോറത്തിൽ അഞ്ചു രൂപയുടെ 'കോർട്ട് ഫീ' സ്റ്റാമ്പ് പതിപ്പിച്ചിരിക്കേണ്ടതാണ്. അപേക്ഷ അംഗൻവാടി ജീവനക്കാരി ഏറ്റവും അവസാനം ജോലി ചെയ്തിരുന്ന ശിശുവികസന പദ്ധതി ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അതത് മരണ സർട്ടിഫിക്കറ്റ്, നിയമപരമായ അവകാശം തെളിയിക്കുന്നതിന് തഹസീൽദാരിൽനിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് (ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ്) എന്നിവ ഉള്ളടക്കം ചെയ്തിരിക്കണം.

(ബി) <u>അനക്സർ 2</u> - ൽ പറഞ്ഞിരിക്കുന്ന പ്രകാരം ഒരു ചെക്ക്ലിസ്റ്റ് അപേക്ഷയൊടൊപ്പം പൂരിപ്പിച്ച് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ മുഖാന്തിരം ശിശുവികസന പദ്ധതി ഓഫീസർ സാമൂഹ്യക്ഷേമ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ആവശ്യമായ പരിശോധനകൾക്കുശേഷം സാമൂഹ്യക്ഷേമ ഡയറക്ടർ നിയമന ഉത്തരവ് നൽകുന്നതാണ്.

8. (എ) <u>അംഗൻവാടി</u> ജീവനക്കാരായിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നിയമപ്രകാരം ജോലി ലഭിച്ചാൽ ജോലിയിൽ പ്രവേശിക്കാൻ വരുമ്പോൾ ഒരു ഗസററഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പാസ്പോർട്ട് സൈസിലുള്ള ഒരു ഫോട്ടോ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

(ബി) ഒരിക്കൽ നൽകിയ തസ്തികയിലെ നിയമനം മാറ്റി നൽകുന്നതല്ല.

(സി) അംഗൻവാടി ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതി പ്രകാരം ജോലി ലഭിച്ചയാളിനെ, ജോലിക്കുവേണ്ടി അയാൾ സമർപ്പിച്ച അപേക്ഷയിലെ ഏതെങ്കിലും കാര്യങ്ങൾ തെറ്റാണെന്ന് കണ്ടാൽ ഉടൻ ജോലിയിൽ നിന്ന് പിരിച്ചുവിടുന്നതാണ്.

(ഡി) ഈ പദ്ധതിപ്രകാരം നിയമനം ലഭിക്കുന്നവർക്ക് അവർ താമസിക്കുന്ന പ്രോജക്റ്റിലെ പഞ്ചായത്ത് നിയമനത്തിനായി തെരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ അപേക്ഷക താമസിക്കുന്ന പഞ്ചായത്തോ പരേത അവസാനം ജോലി ചെയ്തിരുന്ന അംഗൻവാടി സ്ഥിതി ചെയ്യുന്ന പഞ്ചായത്തോ മാത്രമേ നിയമനത്തിന് പരിഗണിക്കുകയുള്ളൂ.

(ഇ) അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് കാലാകാലങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പാസ്സാക്കുന്ന നിയമം ഈ പദ്ധതിപ്രകാരം ജോലി ലഭിക്കുന്നവർക്കും ബാധകമായിരിക്കും.

(എഫ്) അംഗൻവാടി ജീവനക്കാർ എന്ന ഈ നിയമനത്തിലെ വ്യാഖ്യാനത്തിൽ അംഗൻവാടി വർക്കറും, അംഗൻവാടി ഹെൽപ്പറും മാത്രമേ ഉൾപ്പെടുകയുള്ളൂ.

(ജി) <u>അനക്സർ</u> - 3-ൽ പറഞ്ഞിരിക്കുന്ന പ്രകാരം ഒരു റിപ്പോർട്ട് ആശ്രിതർക്ക് നിയമനം നൽകുന്ന ബന്ധപ്പെട്ട സെക്ഷനിൽ, വകുപ്പു തലവന്റെ ഒപ്പോടുകൂടി സൂക്ഷിക്കേണ്ടതാണ്.

(എച്ച്) അംഗൻവാടി ജീവനക്കാരുടെ ആശ്രിതർക്കുള്ള ജോലി നൽകുന്ന പദ്ധതി പ്രകാരം മരണമടഞ്ഞ ജീവനക്കാരിയുടെ ആശ്രിതരിൽ ആർക്കെങ്കിലും ഒരാൾക്കു മാത്രമേ ജോലി ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.

## അനക്സർ –1

### അംഗൻവാടി ജീവനക്കാരായിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന/ നിയമപ്രകാരം ജോലി ലഭിക്കുന്നതിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷ

(അപേക്ഷയിൽ അഞ്ചു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ചിരിക്കേണ്ടതാണ്.)

1. അപേക്ഷകയുടെ പേരും പൂർണ്ണ മേൽവിലാസവും (പഞ്ചായത്ത്, താലൂക്ക്, എന്നിവയും എഴുതണം) :

2. പരേതയായ അംഗൻവാടി വർക്കർ/ഹെൽപ്പർ അവസാനം ജോലി ചെയ്ത ഓഫീസിന്റെ പേര് (അംഗൻവാടിയുടെ പേരും നമ്പരും പൂർണ്ണ വിലാസം പഞ്ചായത്തിന്റെ പേരും) :

3. ജോലിയിൽ പ്രവേശിച്ച തീയതി ആകെയുള്ള സേവനത്തിന്റെ ദൈർഘ്യം :

4. മരണമടഞ്ഞ അംഗൻവാടി വർക്കർ/ ഹെൽപ്പറുമായി അപേക്ഷകയ്ക്കുള്ള ബന്ധം (തഹസീൽദാരുടെ സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്യണം) :

5. അപേക്ഷകയുടെ വയസ്, ജനനതീയതി വിദ്യാഭ്യാസ യോഗ്യത (സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യണം)

6. അപേക്ഷക വിവാഹം കഴിച്ചതാണോ, അല്ലയോ? :

7. ഈ നിയമപ്രകാരം ഉദ്യോഗം ലഭിക്കുവാൻ നേരത്തെ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ (ഉണ്ടെങ്കിൽ വിശദാംശം എഴുതണം) :

8. ഈ നിയമപ്രകാരം ഉദ്യോഗത്തിനുവേണ്ടി മറ്റ് ആശ്രിതർ ആരെങ്കിലും ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ? :

9. ഏത് തസ്തികയ്ക്കു വേണ്ടിയാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത് (വർക്കർ/ഹെൽപ്പർ) :

10. നിയമനം ആവശ്യപ്പെടുന്ന ജില്ല, പഞ്ചായത്ത്, പ്രോജക്റ്റ് :

## സാക്ഷിപത്രം

ഞാൻ .................................................................................................................................................................. ഈ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലുംപെട്ടിടത്തോളം സത്യമാണെന്നും, ഭാവിയിൽ ഏതെങ്കിലും കാര്യങ്ങൾ സത്യമല്ലാ എന്ന് കണ്ടെത്തുന്ന പക്ഷം ജോലിയിൽനിന്നും എന്നെ പിരിച്ചു വിടാവുന്നതുമാണെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു

അപേക്ഷകയുടെ ഒപ്പ്

സ്ഥലം :

തീയതി :

## അനക്സർ 2

### അംഗൻവാടി ജീവനക്കാരുടെ ആശ്രിതർക്ക് തൊഴിൽ നൽകുന്ന വ്യവസ്ഥയിൽ ജോലിക്കു വേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിലെ ശ്രദ്ധിക്കേണ്ട കാര്യങ്ങളുടെ ചെക്ക്ലിസ്റ്റ്

1. മരണമടഞ്ഞ അംഗൻവാടി ജീവനക്കാരിയുടെ പേരും തസ്തികയും (തസ്തിക സ്ഥിരമോ താൽക്കാലികമോ) :

2. മരണമടഞ്ഞയാളിന്റെ ആകെയുള്ള സേവന ദൈർഘ്യം :

   (i) ജനനത്തീയതി :
   (ii) ജോലിയിൽ പ്രവേശിച്ച തീയതി :
   (iii) മരണമടഞ്ഞ തീയതി :

3. മരണമടഞ്ഞയാളിന്റെ കുടുംബാംഗങ്ങളുടെ വിവരങ്ങൾ (പേര് ജനനതീയതി, മാരിറ്റൽ സ്റ്റാറ്റസ്, ജോലി തുടങ്ങിയവ) :

4. അപേക്ഷ സ്വീകരിച്ച തീയതി, ആരിൽ നിന്നാണ് അപേക്ഷ സ്വീകരിച്ചത് :

5. ജോലിക്ക് അർഹതയുള്ളയാളിന്റെ പേരും ടിയാളും മരണമടഞ്ഞ ജീവനക്കാരിയുമായുള്ള ബന്ധവും :

6. അപേക്ഷകയുടെ വയസ്സും ജനനതീയതിയും :

7. അപേക്ഷകയുടെ വിദ്യാഭ്യാസ യോഗ്യത :

8. പരിഗണിക്കപ്പെടേണ്ട മറ്റു വിവരങ്ങൾ :

9. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസറുടെ ശുപാർശ :

10. മരണമടഞ്ഞയാളിന്റെ മറ്റ് ഏതെങ്കിലും ആശ്രിതന് ഈ നിയമപ്രകാരം ജോലി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ :

ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ

## അനക്സർ 3

1. ക്രമനമ്പർ :

2. അപേക്ഷകയുടെ പേരും മേൽവിലാസവും :

3. മരണമടഞ്ഞ അംഗൻവാടി ജീവനക്കാരിയുടെ പേര്, ജോലി ചെയ്തിട്ടുള്ള ഓഫീസ് :

4. അപേക്ഷ സ്വീകരിച്ച തീയതി :

5. കറന്റ് നമ്പർ :

6. അവസാനിപ്പിച്ച രീതി (നിയമനം നൽകിയെങ്കിൽ വിശദാംശങ്ങൾ) :

കേരളസർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് :- മരണമടഞ്ഞ അംഗൻവാടി പ്രവർത്തകരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി - അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

സാമൂഹ്യക്ഷേമ (ബി) വകുപ്പ്

സ.ഉ(ആർടി)നം.546/05/സാക്ഷേവ

തീയതി,തിരുവനന്തപുരം, 24.10.2005

പരാമർശം :- 1) 19.6.96-ലെ ജി.ഒ (ആർടി) നം. 119/96/സാക്ഷേവ

2) ഐസിഡിഎസ് എ3 33670/04 നമ്പരായുള്ള 10.8.05 ലെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ കത്ത്.

ഉത്തരവ്

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവു പ്രകാരം സമാശ്വാസ തൊഴിൽ ദാന പദ്ധതി അംഗൻവാടി ജീവനക്കാർക്ക് ബാധകമാക്കിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായി.

പരാമർശം രണ്ടിലെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ കത്തിൽ സമാശ്വാസ തൊഴിൽദാന പദ്ധതി അനുസരിച്ച് നിയമനം ലഭിക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷയോടൊപ്പം മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, ടിയാളുടെ മറ്റു സഹോദരിമാരിൽ നിന്നുള്ള സമ്മതപത്രം, വിദ്യാഭ്യാസ യോഗ്യത തുടങ്ങിയ രേഖകൾകൂടി ഹാജരാക്കേണ്ടതായിട്ടുണ്ടെന്നും ഇവ ലഭ്യമാക്കാനുള്ള കാലതാമസം, ആശ്രിത നിയമനം ആഗ്രഹിക്കുന്ന വ്യക്തിയുടെ ഇക്കാര്യത്തിലുള്ള അറിവില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ മിക്കപ്പോഴും അപേക്ഷകൾ നിശ്ചിത സമയപരിധി കഴിഞ്ഞാണ് ലഭിക്കുന്നതെന്നും ഇപ്രകാരം വൈകിക്കിട്ടുന്ന അപേക്ഷകളിൽ കാലതാമസം മാപ്പാക്കുന്നതിന് പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിൽ അനുശാസിക്കുന്നില്ലെന്നും പറയുന്നു.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ കത്തിലെ പ്രസ്തുത റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം മരണമടഞ്ഞ ജീവനക്കാരിയുടെ ആശ്രിതയ്ക്ക് നിയമനം ലഭിക്കുന്നതിനുവേണ്ടി ഹാജരാക്കേണ്ട രേഖകൾ ലഭ്യമാക്കി അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസം കണക്കിലെടുത്ത് പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിലെ അനുബന്ധം - 6-ൽ അനുശാസിക്കുന്ന അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

അംഗൻവാടി പ്രവർത്തകരുടെ ആശ്രിതർക്കുള്ള ജോലി ലഭിക്കുവാൻ ജീവനക്കാരി മരണമടഞ്ഞ് രണ്ടുവർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്. നിയമാനുസൃത പിൻതുടർച്ചാവകാശി പ്രായപൂർത്തി ആകാത്തപക്ഷം പ്രായപൂർത്തിയായി മൂന്നു വർഷത്തിനകം അപേക്ഷ സമർപ്പിച്ചാൽ മതിയാകും.

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് മേൽപ്രസ്താവിച്ച പ്രകാരം മാത്രം ഭേദഗതി വരുത്തുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം

**പി.കെ. മാധവൻ നാടാർ**

അണ്ടർ സെക്രട്ടറി

*To*

*സാമൂഹ്യക്ഷേമഡയറക്ടർ, തിരുവനന്തപുരം*
*ബന്ധപ്പെട്ട ജില്ലാ സാമൂഹ്യക്ഷേമ ആഫീസർ, ( സാമൂഹ്യക്ഷേമ ഡയറക്ടർ മുഖേന)*
*ജില്ലാ കളക്ടർമാർ*
*കരുതൽ ഫയൽ/ഓഫീസ്കോപ്പി*
*പകർപ്പ് :19.6.96-ലെ ജി.ഒ. (ആർടി)നം. 119/96/സാക്ഷേവ തീർപ്പിലേക്ക്*

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - അംഗൻവാടി ജീവനക്കാർക്കുള്ള സമാശ്വാസ തൊഴിൽദാന പദ്ധതി - 19.06.1996 -ലെ ഉത്തരവിലെ ഖണ്ഡിക 7(ബി), 8(ജി) എന്നിവയിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യക്ഷേമ (ബി) വകുപ്പ്

സ.ഉ.(എം.എസ്)നം. 36/2008/സം.ക്ഷേവ    തീയതി, തിരുവനന്തപുരം, 11.06.2008

പരാമർശം : 1. 19.06.1996 -ലെ സ.ഉ. (സാധാ) നം. 119/96/സാ ക്ഷേവ

2. 10.11.1998 -ലെ സ.ഉ (കയ്യെഴുത്ത്) നമ്പർ 33/98/സാ ക്ഷേവ.

3. സാമൂഹ്യക്ഷേമ ഡയറക്ടറുടെ 17.06.2008 -ലെ ഐ സി ഡി എസ്. ഇ.2.2713/08 നമ്പർ കത്ത്

## ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം സാമൂഹ്യക്ഷേമവകുപ്പ് നടപ്പാക്കിവരുന്ന സംയോജിത ശിശുവികസന പദ്ധതിയിൻ കീഴിലെ അംഗൻവാടികളിൽ പ്രവർത്തിച്ചുവരുന്ന അംഗൻവാടി ജീവനക്കാർക്ക് സമാശ്വാസ തൊഴിൽദാനപദ്ധതി ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. തൊഴിൽദാന പദ്ധതി പ്രകാരം, മരണമടയുന്ന അംഗൻവാടി ജീവനക്കാരുടെ ആശ്രിതയ്ക്ക് നിയമനം നൽകുന്നതിനുള്ള അധികാരം സാമൂഹ്യക്ഷേമ ഡയറക്ടറിൽനിന്നും ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്ക് കൈമാറ്റം ചെയ്തു നൽകിയാൽ ബന്ധപ്പെട്ടവർക്ക് നിയമനം നൽകുന്നതിനുള്ള കാലതാമസം കുറയ്ക്കുവാൻ കഴിയുമെന്നും ആയതിനാൽ പരാമർശം (1)-ലെ ഉത്തരവിലെ ഖണ്ഡിക 7(ബി), 8(ജി), അനക്സർ I, II എന്നിവ ഭേദഗതി ചെയ്ത് ഉത്തരവ് ഉണ്ടാകണമെന്ന് സാമൂഹ്യക്ഷേമ ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

3. സാമൂഹ്യക്ഷേമ ഡയറക്ടറുടെ നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1)-ലെ സർക്കാർ ഉത്തരവിൽ 7(ബി), 8(ജി). അനക്സർ I, II എന്നിവ താഴെപറയും പ്രകാരം ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

4 "7(ബി) അനക്സർ 2-ൽ പറഞ്ഞിരിക്കുന്ന പ്രകാരം അപേക്ഷയും അനുബന്ധരേഖകളുമൊപ്പം ഒരു ചെക്ക് ലിസ്റ്റ് ശിശുവികസന പദ്ധതി ഓഫീസർ പൂരിപ്പിച്ച് ശുപാർശ സഹിതം ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്ക് നൽകേണ്ടതും ആവശ്യമായ പരിശോധനയ്ക്കുശേഷം ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ നിയമന ഉത്തരവ് നൽകേണ്ടതുമാണ്. സി.ഡി.പി.ഒയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതൽ 60 ദിവസത്തിനകം അപാകതകൾ ഇല്ലെങ്കിൽ നിയമന ഉത്തരവ് നൽകിയിരിക്കേണ്ടതുമാണ്.

8(ജി) അനക്സർ 3 പറഞ്ഞിരിക്കുന്ന പ്രകാരം ഒരു രജിസ്റ്റർ ആശ്രിതർക്ക് നിയമനം നൽകുന്ന ജില്ലാ സാമൂഹ്യക്ഷേമ ഓഫീസറുടെ കയ്യൊപ്പോടുകൂടി ബന്ധപ്പെട്ട സെക്ഷനിൽ സൂക്ഷിക്കേണ്ടതാണ്.

അനക്സർ I - അപേക്ഷക നൽകുന്ന സാക്ഷ്യപത്രത്തിന് താഴെയായി സിഡിപിഒ യുടെ അന്വേഷണ റിപ്പോർട്ടും ശുപാർശയും

അനക്സർ II - ക്രമനം 9- ജില്ലാ സാമൂഹ്യക്ഷേമ ഓഫീസറുടെ ശുപാർശ ഒഴിവാക്കുന്നു.

ക്രമനം 10- ക്രമ നം 9 എന്നു മാറ്റുന്നു.

ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ എന്നത് ഒഴിവാക്കി ശിശു വികസനപദ്ധതി ഓഫീസർ എന്നു മാറ്റുന്നു.

ജില്ലാ ഓഫീസറുടെ ഉത്തരവ്

ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ

തീയതി

4. പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം.

**എൻ. സുകുമാരൻ,**
അഡീഷണൽ സെക്രട്ടറി

സാമൂഹ്യക്ഷേമ ഡയറക്ടർ,. തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള തിരുവനന്തപുരം.
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്.

പകർപ്പ് : 1. 19.06.1996-ലെ സ.ഉ (സാധാ) നം 119/96/സാക്ഷേവ ഉത്തരവ് തീർപ്പു ഫയലിലേക്ക്
2. സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

തീയതി 9.7.2008

അടിക്കുറിപ്പ് നമ്പർ : ICDS-E2/2713/08

എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്കും തുടർനടപടികൾക്കായി അയക്കുന്നു. മേലിൽ ആശ്രിത നിയമനത്തിനുള്ള അപേക്ഷകൾ ഡയറക്ടറേറ്റിലേക്കു അയയ്ക്കേണ്ടതില്ല.

സാമൂഹ്യക്ഷമ ഡയറക്ടർക്കുവേണ്ടി